**POLICE** **DEPARTMENT**

**KERALA**

**<u>Personal Attention</u>**

**<u>No. S3-225888/2016/PHQ</u>**
Police Headquarters,
Thiruvananthapuram
phq.pol@kerala.gov.in
04712721547
Dated. 16-10-2017

From

**സംസ്ഥാന പോലീസ് മേധാവി**
കേരളം

To

**എല്ലാ യൂണിറ്റ് മേധാവിമാർക്കും**

സർ,

Sub : ഇന്റേർണൽ അട്മിനിസ്ടടിവ് പ്രോസിസ്സിംഗ് സിസ്റ്റം - ഡാറ്റാ ആർക്കൈവൽ സംവിധാനം നടപ്പിലാക്കുന്നത് - തപാൽ ബോക്സിലെ കാലപ്പഴക്കം ചെന്ന തപാലുകൾ കൈകാര്യം ചെയ്യുന്നതിനുള്ള നിർദ്ദേശങ്ങൾ - സംബന്ധിച്ച :-

Ref : 09/01/2015-ലെ 01/2015 നമ്പർ പി എച് ക്യൂ സർക്കുലർ

മേൽ സൂചനയിലേക്ക് ശ്രദ്ധ ക്ഷണിച്ചുകൊള്ളുന്നു.

**02.** 01/09/2012 മുതൽ പോലീസ് വകുപ്പിലെ എല്ലാ അഡ്മിനിസ്ട്രേറ്റീവ് ഓഫീസുകളിലെയും സബോർഡിനേറ്റ് ഓഫീസുകളിലെയും ഭരണപരമായ ജോലികൾ അയാപ്സിലൂടെ നടപ്പിലാക്കി വരികയാണ്. വളരെയധികം തപാലുകളും ഫയലുകളും അനുസ്യൂതം കൈകാര്യം ചെയ്തു വരുന്ന അയാപ്സിൽ ദിനംപ്രതി ഇവയുടെ എണ്ണം കൂടി വരികയാണ്. ആയതിനാൽ എല്ലാ ഓഫീസുകളിലെയും തീർപ്പ് കൽപ്പിച്ച ഫയലുകൾ അയാപ്സിൽ പുതുതായി സജ്ജീകരിച്ച ഡാറ്റാ ആർക്കൈവൽ സംവിധാനത്തിലേക്ക് മാറ്റുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചു വരികയാണ്.

**03.** അയാപ്സ് നോഡൽ ഓഫീസറായ പോലീസ് ഡയറക്ടർ ജനറൽ, സ്റ്റേറ്റ് ക്രൈം റിക്കോർഡ്സ് ബ്യൂറോ, വിവിധ ഓഫീസുകളിൽ പ്രത്യേകിച്ചും സബോർഡിനേറ്റ് ഓഫീസുകളിൽ അയാപ്സിലെ തപാൽ ബോക്സിൽ അസംഖ്യം തപാലുകൾ കൈകാര്യം ചെയ്യപ്പെടാതെ ഉള്ളതായി കാണപ്പെടുന്നതായും ആയവ അയാപ്സിലെ ഡാറ്റാ ആർക്കൈവൽ സംവിധാനം കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് തടസ്സം സൃഷ്ടിക്കുന്നതായും സൂചിപ്പിച്ചിട്ടുണ്ട്.

**04. ആയതിനാൽ എല്ലാ യൂണിറ്റ് മേധാവിമാരും ഇക്കാര്യത്തിൽ പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതും 31/10/2017 നകം ഓരോ യൂണിറ്റ് മേധാവിയുടെയും കീഴിലുള്ള അഡ്മിനിസ്ട്രേറ്റീവ് ഓഫീസുകളിലെയും സബോർഡിനേറ്റ് ഓഫീസുകളിലെയും തപാൽ ബോക്സിലെ തപാലുകൾ പൂർണ്ണമായും രജിസ്റ്റർ ചെയ്യിക്കേണ്ടതും നടപടി പൂർത്തിയാക്കേണ്ടതുമാണ്. അല്ലാത്ത പക്ഷം പ്രസ്തുത ഓഫീസുകളിലെ തപാൽ ബോക്സിലെ 31/12/2016 വരെയുള്ള എല്ലാ തപാലുകളും ഇനിയൊരറിയിപ്പില്ലാതെ വീണ്ടെടുക്കാനാവാത്ത വിധം നീക്കം ചെയ്യപ്പെടുന്നതാണെന്ന് അറിയിച്ചു കൊള്ളുന്നു. ഇത്തരത്തിൽ നീക്കം ചെയ്യപ്പെടുന്ന തപാലുകളിൽ അടിയന്തിരപ്രാധാന്യമുള്ള തപാലുകളുണ്ടെങ്കിൽ അതിന്റെ പൂർണ്ണ ഉത്തരവാദിത്തം യൂണിറ്റ് മേധാവിക്കു മാത്രമായിരിക്കും.**

Yours faithfully

S3-225888/2016/PHQ

07d3f7

**Suresh G Krishnan**
**Junior Superintendent**
For State Police Chief

iAPS
Internal Administrative Processing System
KERALA POLICE